## പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 928 | 12/06/2013 ൽ മറുപടിയ്ക്ക്

### പിന്നോക്ക വികസന കോർപ്പറേഷൻ മുഖേന നടപ്പാക്കുന്ന പദ്ധതികൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. ജെയിംസ് മാത്യു | | **ശ്രീ. എ.പി. അനിൽകുമാർ (പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി)** |
| (എ) പിന്നോക്ക വികസന കോർപ്പറേഷനും മുന്നോക്ക വികസന കോർപ്പറേഷനും രൂപീകരിച്ചതിന് ശേഷം ഓരോ കോർപ്പറേഷനും നാളിതുവരെ സർക്കാർ നല്കിയ തുക എത്രയാണെന്നും ഏതെല്ലാം പദ്ധതികൾ കോർപ്പറേഷനുകൾ വഴി നടപ്പിലാക്കിയിട്ടുണ്ടെന്നും വെളിപ്പെടുത്താമോ ; | (എ) | കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ രൂപീകരിച്ചതിനു ശേഷം നാളിതുവരെ 88.96 കോടി രൂപ സർക്കാരിൽ നിന്നും കോർപ്പറേഷന് ലഭിച്ചിട്ടുണ്ട്. പ്രസ്തുത കോർപ്പറേഷൻ വഴി നടപ്പിലാക്കിയ പദ്ധതികൾ അനുബന്ധം - I ആയി ചേർത്തിട്ടുണ്ട്.<br><br>കേരള മുന്നോക്ക സമുദായ ക്ഷേമ കോർപ്പറേഷന്റെ പ്രാരംഭ ചെലവുകൾക്കായി 50 ലക്ഷം രൂപ 2012-13 സാമ്പത്തിക വർഷത്തിൽ അനുവദിച്ചിട്ടുണ്ട്. മുന്നോക്ക വിഭാഗങ്ങളിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബങ്ങളിലെ വിദ്യാർത്ഥികൾക്കായി സ്കോളർഷിപ്പ് നൽകുക, വിവിധ മൽസര പരീക്ഷകൾക്കുള്ള പരിശീലനങ്ങൾക്ക് സാമ്പത്തിക സഹായം നൽകുക തുടങ്ങിയ പദ്ധതികൾക്കായി 2013-14 സാമ്പത്തിക വർഷത്തിൽ 5 കോടി രൂപയുടെ പ്രൊപ്പോസൽ പരിഗണിച്ചു വരുന്നു. |
| (ബി) പ്രസ്തുത സ്ഥാപനങ്ങളുടെ പെയ്ഡപ് ഷെയർ ക്യാപ്പിറ്റൽ എത്രയാണ് ; | (ബി) | കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷനിലെ പെയ്ഡപ് ഷെയർ ക്യാപ്പിറ്റൽ 82.96 കോടി രൂപയാണ്.<br><br>കേരള മുന്നോക്ക സമുദായ ക്ഷേമ കോർപ്പറേഷനിലെ പെയ്ഡപ് ഷെയർ ക്യാപ്പിറ്റൽ ഒരു കോടി രൂപയാണ്. |
| (സി) പ്രസ്തുത സ്ഥാപനങ്ങൾക്ക് എത്ര ബോർഡ് അംഗങ്ങൾ ഉണ്ടെന്നും ചെയർമാന്റെ പദവിയും ആനുകൂല്യങ്ങളും എന്തൊക്കെയാണെന്നും വിശദമാക്കാമോ ; | (സി) | കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷന്റെ ഡയറക്ടർ ബോർഡിൽ 11 അംഗങ്ങളുണ്ട്. കോർപ്പറേഷന്റെ ബോർഡ് മീറ്റിംഗ്, സബ് കമ്മിറ്റികൾ എന്നിവയിൽ ചെയർമാൻ, അദ്ധ്യക്ഷ സ്ഥാനം വഹിക്കുന്നു. ചെയർമാന് സർക്കാർ ഉത്തരവു പ്രകാരമുള്ള ഓണറേറിയം 6000 രൂപയും ബോർഡ് മീറ്റിംഗിനും |

..........(2)

മറ്റു മീറ്റിംഗുകൾക്കും പങ്കെടുക്കുന്നതിന് നിയമാനു സൃതമായ TA/DA എന്നിവയും സിറ്റിംഗ് ഫീസായി ഓരോ മീറ്റിംഗിനും 400 രൂപയും നൽകുന്നു.

കേരള മുന്നോക്ക സമുദായ ക്ഷേമ കോർപ്പറേഷനിൽ നിലവിൽ നാല് ഡയറക്ടർമാർ മാത്രമേയുള്ളൂ.

(ഡി) പ്രസ്തുത വിഷയം സംബന്ധിച്ച് പുറപ്പെടുവിച്ച ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ?

(ഡി) ഇക്കാര്യത്തിൽ കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷനെ സംബന്ധിച്ച സർക്കാർ ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധം - 2 ആയി ചേർത്തിട്ടുണ്ട്.

കേരള മുന്നോക്ക സമുദായ ക്ഷേമ കോർപ്പറേഷനുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവിന്റെ പകർപ്പ് അനുബന്ധം - 3 ആയി ചേർത്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**